## മധുരമായ കുട്ടികളേ – നിങ്ങളുടെ സ്നേഹം ആത്മാവിനോടായിരിക്കണം, നടക്കുമ്പോഴും കറങ്ങുമ്പോഴും അഭ്യസിക്കൂ, ഞാൻ ആത്മാവാണ്, ആത്മാവിനോട് സംസാരിക്കുന്നു, ഞാൻ മോശമായ ഒരു കർമ്മവും ചെയ്യില്ല

**ചോദ്യം:–** ബാബയിലൂടെ രചിക്കപ്പെട്ടിട്ടുള്ള യജ്ഞം ഏതുവരെ നടക്കുന്നുവോ അതുവരെ ബ്രാഹ്മണർ ബാബയുടെ ഏതൊരു ആജ്ഞ തീർച്ചയായും പാലിക്കണം?
**ഉത്തരം:–** ബാബയുടെ ആജ്ഞയാണ്– കുട്ടികളേ രുദ്ര യജ്ഞം ഏതുവരെ നടക്കുന്നുവോ അതുവരെ നിങ്ങൾ തീർച്ചയായും പവിത്രമായി ജീവിക്കണം. നിങ്ങൾ ബ്രഹ്മാവിന്റെ കുട്ടികൾ ബ്രഹ്മാകുമാർ കുമാരിമാർക്ക് ഒരിക്കലും വികാരത്തിൽ പോകാൻ പാടില്ല. ഈ ആജ്ഞയെ ലംഘിക്കുന്നവർക്ക് വളരെ കടുത്ത ശിക്ഷ ലഭിക്കുന്നു. ആരിലെങ്കിലും ക്രോധത്തിന്റെ ഭൂതമുണ്ടെങ്കിലും അവർ ബ്രാഹ്മണരല്ല. ബ്രാഹ്മണർ ദേഹീയഭിമാനിയായിട്ടിരിക്കണം, ഒരിക്കലും വികാരത്തിന് വശപ്പെടരുത്.

**ഗീതം:–** അല്ലയോ ദൂര ദേശത്തെ യാത്രക്കാരാ....

**ഓം ശാന്തി**. ദൂര ദേശത്തെ യാത്രക്കാരനെ നിങ്ങൾ ബ്രാഹ്മണരല്ലാതെ മറ്റാരും അറിയുന്നില്ല, വിളിക്കുന്നു– അല്ലയോ പരംധാമിൽ നിവസിക്കുന്ന പരമപിതാ പരമാത്മാവേ വരൂ. പിതാവെന്നു പറയുന്നു എന്നാൽ ബുദ്ധിയിൽ വരുന്നില്ല– പിതാവിന്റെ രൂപമെന്താണ്? ആത്മാവിന്റെ രൂപമെന്താണ്? ആത്മാവ് ഭ്രൂമദ്ധ്യത്തിൽ നക്ഷത്രത്തിന് സമാനമായിട്ടിരിക്കുന്നു എന്ന് മനസ്സിലാക്കുന്നു. വേറെയൊന്നും മനസ്സിലാക്കുന്നില്ല. നമ്മുടെ ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്. ഈ കാര്യങ്ങളെക്കുറിച്ചുള്ള ജ്ഞാനമേയില്ല. ആത്മാവ് ഈ ശരീരത്തിൽ എങ്ങനെ പ്രവേശിക്കുന്നുവെന്ന് പോലും മനസ്സിലാക്കുന്നില്ല. ഉള്ളിൽ ചലനം ഉണ്ടാകുമ്പോൾ ആത്മാവ് പ്രവേശിച്ചുവെന്ന് അറിയാൻ സാധിക്കും. പരംപിതാ പരമാത്മാവെന്ന് പറയുമ്പോൾ, പിതാവെന്നു പറയുന്നതും ആത്മാവാണ്. ആത്മാവിനറിയാം ഈ ശരീരം ലൗകീക അച്ഛന്റേതാണ്. നമ്മുടെ അച്ഛൻ നിരാകാരനാണ്. തീർച്ചയായും നമ്മുടെ അച്ഛനും നമ്മെ പോലെ ബിന്ദു സ്വരൂപമായിരിക്കും. ബാബയുടെ മഹിമയും പാടുന്നുണ്ട്– മനുഷ്യ സൃഷ്ടിയുടെ ബീജരൂപൻ, ജ്ഞാനസാഗരൻ, പതിത പാവനനാണ്. എന്നാൽ എത്ര ചെറുത് അഥവാ വലുതാണെന്ന് ആരുടെയും ബുദ്ധിയിലിരിക്കുന്നില്ല. ആത്മാവെന്താണെന്ന് ആദ്യം നിങ്ങളുടെ ബുദ്ധിയിലും ഉണ്ടായിരുന്നില്ല.

പരമാത്മാവിനെ ഓർമ്മിച്ചിരുന്നു– ഹേ പരമാത്മാവേ.. എന്ന്..... എന്നാൽ ഒന്നും അറിയുന്നുണ്ടായിരുന്നില്ല. ബാബ നിരാകാരനാണ്, പിന്നെങ്ങനെ പതിത പാവനനായി തീരുന്നു. എന്ത് ജാലവിദ്യയാണ് കാണിക്കുന്നത്? പതിതരെ പാവനമാക്കാൻ തീർച്ചയായും ഇവിടെ വരേണ്ടിയിരിക്കുന്നു. ഏതുപോലെ നമ്മുടെ ആത്മാവും ശരീരത്തിൽ വസിക്കുന്നു അതുപോലെ ബാബയും നിരാകാരനാണ്, ബാബയ്ക്കും ശരീരത്തിൽ പ്രവേശിക്കേണ്ടി വരുന്നു, അതിനാലാണ് ശിവരാത്രി അഥവാ ശിവജയന്തി ആഘോഷിക്കുന്നത്. എന്നാൽ ബാബ എങ്ങനെ വന്ന് പാവനമാക്കുന്നു എന്ന് ആർക്കും അറിയില്ല. അതുകൊണ്ടാണ് സർവ്വവ്യാപിയെന്നു പറയുന്നത്. പ്രദർശിനിയിൽ അല്ലെങ്കിൽ എവിടെയെങ്കിലും പ്രഭാഷണം ചെയ്യുമ്പോൾ ആദ്യം ആദ്യം ബാബയുടെ തന്നെ പരിചയം നല്കണം, പിന്നെ ആത്മാവിന്റെ. ആത്മാവ് ഭ്രൂ മദ്ധ്യത്തിലാണ് വസിക്കുന്നത്. ആത്മാവിൽ തന്നെയാണ് സംസ്ക്കാരമുള്ളത്. ശരീരം നശിക്കുന്നു. എന്തെല്ലാം ചെയ്യുന്നുവൊ അതെല്ലാം ആത്മാവാണ് ചെയ്യുന്നത്. ശരീരത്തിന്റെ കർമ്മേന്ദ്രിയങ്ങൾ ആത്മാവിന്റെ ആധാരത്തിലാണ് പ്രവർത്തിക്കുന്നത്. ആത്മാവ് രാത്രിയിൽ അശരീരീയായി തീരുന്നു. ആത്മാവ് തന്നെയാണ് പറയുന്നത്– ഇന്ന് ഞാൻ വളരെ നന്നായി വിശ്രമിച്ചു, ഇന്ന് എനിക്ക് ഉറക്കം വരുന്നില്ല, ഞാൻ ഈ ശരീരത്തിലൂടെ കർമ്മം ചെയ്യുന്നു. ഈ അഭ്യാസം കുട്ടികൾക്ക് ഉണ്ടാകണം. ആത്മാവ് തന്നെയാണ് സർവ്വതും ചെയ്യുന്നത്. ആത്മാവ് ശരീരത്തിൽ നിന്നും വേർപെടുമ്പോൾ അതിനെ ശവം എന്നു പറയുന്നു. പിന്നെ ഒരു പ്രയോജനവുമില്ല. ആത്മാവ് പോയാൽ ശരീരത്തിൽ ദുർഗന്ധമുണ്ടാകുന്നു. ശരീരത്തെ കത്തിക്കുന്നു. അതിനാൽ നിങ്ങൾക്ക് ആത്മാവിനോടാണ് സ്നേഹം.

നിങ്ങൾക്ക് ഈ ശുദ്ധ അഭിമാനം ഉണ്ടായിരിക്കണം– ഞാൻ ആത്മാവാണ്. പൂർണ്ണമായും ആത്മാഭിമാനിയാകണം. ഇതിൽ തന്നെയാണ് പരിശ്രമമുള്ളത്. ആത്മാവാകുന്ന ഞാൻ ഈ കർമ്മേന്ദ്രിയങ്ങളിലൂടെ യാതൊരു മോശമായ കർമ്മവും ചെയ്യരുത്. ഇല്ലായെങ്കിൽ ശിക്ഷ അനുഭവിക്കേണ്ടി വരും. ആത്മാവ് ശരീരത്തിലിരിക്കുമ്പോഴാണ് ശിക്ഷ അനുഭവിക്കേണ്ടി വരുന്നത്. ശരീരമില്ലാതെ ആത്മാവിന് ദുഃഖം അനു

ഭവിക്കാൻ സാധിക്കില്ല. അതിനാൽ ആദ്യം ആത്മാഭിമാനിയായി പിന്നെ പരമാത്മാഭിമാനിയുമാകണം. ഞാൻ പരമപിതാ പരമാത്മാവിന്റെ സന്താനമാണ്. പറയാറുണ്ട്– പരമാത്മാവാണ് രചിച്ചതെന്ന്. ബാബ രചയിതാവാണ്, എന്നാൽ എങ്ങനെ രചയിതാവാകുന്നു എന്ന് ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾക്കറിയാം പരമപിതാ പരമാത്മാവ് പഴയ ലോകത്തിലിരുന്ന് എങ്ങനെ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നുവെന്ന്. നോക്കൂ, എങ്ങനെയുള്ള യുക്തിയാണ്. മനുഷ്യർ പ്രളയം കാണിക്കുന്നു. പറയുന്നു ആലിലയിൽ ഒരു ബാലകൻ വന്നു എന്ന്, പിന്നെ ഒന്നും കാണിക്കുന്നില്ല. ഇതിനെയാണ് അജ്ഞാനം എന്നു പറയുന്നത്. ഭഗവാനാണ് ശാസ്ത്രങ്ങൾ ഉണ്ടാക്കിയതെന്ന് പറയുന്നു. വ്യാസന് ഭഗവാനാകാൻ സാധിക്കില്ല. ഭഗവാൻ ശാസ്ത്രങ്ങൾ എഴുതുമോ? ഭഗവാനെ കുറിച്ച് പറയുന്നത്– സർവ്വ ശാസ്ത്രങ്ങളുടെയും സാരം മനസ്സിലാക്കി തരുന്നുവെന്നാണ്. ബാക്കി ഈ വേദ ശാസ്ത്രങ്ങൾ പഠിക്കുന്നതിലൂടെ ആരുടെയും മംഗളം ചെയ്യാൻ സാധിക്കില്ല. ബ്രഹ്മജ്ഞാനികൾ മനസ്സിലാക്കുന്നത് ബ്രഹ്മത്തിൽ ലയിച്ചു ചേരുമെന്നാണ്. ബ്രഹ്മം മഹതത്വമാണ്. ആത്മാക്കൾ അവിടെ വസിക്കുന്നു. ഇതറിയാത്തത് കാരണം തോന്നിയത് പറയുന്നു, മനുഷ്യരും അതിനെ സത്യം സത്യമെന്നു പറഞ്ഞു കൊണ്ടിരിക്കുന്നു. വളരെ പേർ ഹഠയോഗം, പ്രാണായാമം ചെയ്യുന്നു, നിങ്ങൾക്ക് ചെയ്യാൻ സാധിക്കില്ല. നിങ്ങൾ സാധാരണ കന്യകമാരാണ്, മാതാക്കൾക്ക് എങ്ങനെ ബുദ്ധിമുട്ട് നല്കാൻ സാധിക്കും. ആദ്യ സമയത്ത് മാതാക്കൾ രാജവിദ്യയൊന്നും പഠിച്ചിരുന്നില്ല. കുറച്ച് ഭാഷ പഠിക്കാൻ സ്ക്കൂളിൽ അയച്ചിരുന്നു. ബാക്കി ജോലിയൊന്നും ചെയ്യേണ്ട കാര്യമില്ല. ഇപ്പോൾ മാതാക്കൾക്ക് പഠിക്കേണ്ടി വരുന്നു. സമ്പാദിക്കുന്നവരല്ലെങ്കിൽ സ്വന്തം കാലിൽ നില്ക്കാൻ സാധിക്കില്ല, യാചിക്കേണ്ടി വരും. അല്ലായെങ്കിൽ നിയമമനുസരിച്ച് പെൺകുട്ടികളെ വീട്ടുജോലിയാണ് പഠിപ്പിക്കുന്നത്. ഇപ്പോൾ വക്കീലാകാനും ഡോക്ടറാകാനും പഠിക്കുന്നുണ്ട്. ഇവിടെ നിങ്ങൾ മറ്റൊന്നും ചെയ്യേണ്ട ആവശ്യമില്ല, കേവലം ആദ്യം ആദ്യം വരുന്നവർക്ക് ബാബയുടെ പരിചയം നല്കണം. നിരാകാരനെയാണ് സർവ്വരും ശിവബാബയെന്നു പറയുന്നത്, എന്നാൽ ബാബയുടെ രൂപമെന്താണ്. ആർക്കും അറിയില്ല. ബ്രഹ്മം തത്വമാണ്, ഈ ആകാശം എത്ര വലുതാണ് എന്നതുപോലെ. അന്ത്യം കണ്ടു പിടിക്കാൻ സാധിക്കില്ല. അതേപോലെ ബ്രഹ്മ തത്വത്തിനും അന്ത്യമില്ല. അതിന്റെ ഒരു അംശത്തിലാണ് നമ്മൾ ആത്മാക്കൾ വസിക്കുന്നത്. ബാക്കി ആകാശം അനന്തമാണ്. സാഗരം അളവറ്റതാണ്, അന്ത്യമില്ല. ആകാശത്തിന്റെയും അന്ത്യം കണ്ടു പിടിക്കാൻ സാധിക്കില്ല. മുകളിലേക്ക് പോകുന്നതിന് പരിശ്രമിക്കുന്നുണ്ട് എന്നാൽ പോയി പോയി അവരുടെ സംവിധാനങ്ങൾ തന്നെ തീർന്നു പോകുന്നു. അതേപോലെ മഹതത്വവും വളരെ വലുതാണ്. അവിടെ പോയി ഒന്നും അന്വേഷിക്കേണ്ട ആവശ്യമില്ല. അവിടെ ആത്മാക്കൾക്ക് ഇങ്ങനെ ചിന്തിക്കേണ്ട ആവശ്യം പോലുമില്ല. അന്വേഷിക്കുന്നതിലൂടെ നേട്ടമെന്താണ്. നക്ഷത്രത്തിൽ പോയി ലോകം അന്വേഷിച്ചാലും എന്താണ് നേട്ടം? അവിടെ ബാബയെ പ്രാപ്തമാക്കുന്നതിനുള്ള മാർഗ്ഗമേയില്ല. ഭക്തർ ഭഗവാനെ നേടുന്നതിന് ഭക്തി ചെയ്യുന്നു. അതിനാൽ അവർക്ക് ഭഗവാനെ ലഭിക്കുന്നു. ബാബ മുക്തി ജീവൻമുക്തി നല്കുന്നു. അന്വേഷിക്കേണ്ടത് ഭഗവാനെയാണ് അല്ലാതെ ആകാശത്തെയല്ല. അവിടെ നിന്ന് ഒന്നും ലഭിക്കുന്നില്ല. ഗവൺമെന്റിന് എത്ര ചിലവ് ഉണ്ടാകുന്നു. ഇതും സർവ്വശക്തിവാന്റെ ഗവൺമെന്റാണ്. പാണ്ഡവർക്കും കൗരവർക്കും കിരീടം കാണിക്കുന്നില്ല. ബാബ വന്ന് സർവ്വ കാര്യങ്ങളും മനസ്സിലാക്കി തരുന്നു. നിങ്ങൾ ഇത്രയും ജ്ഞാനം പ്രാപ്തമാക്കുന്നു അതിനാൽ വളരെ സന്തോഷം ഉണ്ടായിരിക്കണം. നമ്മളെ പഠിപ്പിക്കുന്നത് പരിധിയില്ലാത്ത അച്ഛനാണ്. നിങ്ങളുടെ ആത്മാവ് പറയുന്നു– നമ്മൾ ആദ്യം ദേവീ ദേവതമാരായിരുന്നു. വളരെ സുഖിയായിരുന്നു. പുണ്യാത്മാവായിരുന്നു. ഈ സമയത്ത് നമ്മൾ പാപാത്മാവായി തീർന്നു കാരണം ഇത് രാവണ രാജ്യമാണ്. സർവ്വരും രാവണന്റെ നിർദ്ദേശമനുസരിച്ചാണ്. നിങ്ങൾ ഈശ്വരീയ നിർദ്ദേശമനുസരിച്ചു നടക്കുന്നു. രാവണനും ഗുപ്തമാണ് ഈശ്വരനും ഗുപ്തമാണ്. ഇപ്പോൾ ഈശ്വരൻ നിങ്ങൾക്ക് നിർദ്ദേശം നല്കി കൊണ്ടിരിക്കുന്നു. രാവണൻ എങ്ങനെ നിർദ്ദേശം നല്കുന്നു? രാവണന് രൂപമില്ല. രൂപം ധരിക്കുന്നു. സർവ്വരൂപങ്ങളും രാവണന്റേതാണ്. സ്ത്രീ പുരുഷൻ രണ്ടു പേരിലും 5 വികാരങ്ങളുണ്ട്. നമ്മളെ പഠിപ്പിക്കുന്നത് നിരാകാരനായ പരമപിതാ പരമാത്മാവാണ് എന്ന് മനസ്സിലാക്കിയാലേ ഈ കാര്യങ്ങളെല്ലാം മനുഷ്യരുടെ ബുദ്ധിയിലിരിക്കുകയുള്ളൂ. പരമാത്മാവ് നിരാകാരനാണ്. പരമാത്മാവ് സാകാരത്തിൽ വന്നാലെ നമുക്ക് ബ്രാഹ്മണരാകാൻ സാധിക്കൂ. യജ്ഞത്തിൽ തീർച്ചയായും ബ്രാഹ്മണർ വേണം. യജ്ഞം സംരക്ഷിക്കുന്നിടത്തോളം കാലം ബ്രാഹ്മണർ പവിത്രമായിട്ടിരിക്കണം. ലൗകിക ബ്രാഹ്മണർ യജ്ഞം രചിക്കുമ്പോൾ വികാരത്തിൽ പോകുന്നില്ല. വികാരിയാണെങ്കിലും, യജ്ഞം രചിക്കുന്ന സമയത്ത് വികാരത്തിൽ പോകുന്നില്ല. തീർത്ഥയാത്രയ്ക്ക് പോകുമ്പോൾ തിരിച്ചു വരുന്നത് വരെ വികാരത്തിൽ പോകുന്നില്ല. നിങ്ങൾ ബ്രാഹ്മണരും യജ്ഞത്തിൽ വസിക്കുന്നു, അതിനാൽ വികാരത്തിൽ പോകുകയാണെങ്കിൽ വലിയ പാപാത്മാവായി തീരുന്നു. യജ്ഞം നടന്നു കൊണ്ടിരിക്കുന്നു അതിനാൽ അന്ത്യം വരെ പവിത്രമായി ജീവിക്കണം. ബ്രഹ്മാവിന്റെ കുട്ടികൾ ബ്രഹ്മാകുമാർ കുമാരിമാർക്ക് ഒരിക്കലും വികാരത്തിൽ പോകാൻ സാധിക്കില്ല. ബാബയുടെ ആജ്ഞയാണ് – വികാരത്തിൽ പോകരുത് എന്ന്. ഇല്ലായെങ്കിൽ വളരെ ശിക്ഷ അനുഭവിക്കേണ്ടി വരും. വികാരത്തിൽ പോയിയെങ്കിൽ സത്യനാശം ഉണ്ടായി. അവർ

ബ്രഹ്മാകുമാർ കുമാരിമാരല്ല, മറിച്ച് ശൂദ്രരാണ്, മ്ലേച്ഛരാണ്. ബാബ സദാ ചോദിക്കാറുണ്ട്- പവിത്രമായിരിക്കുന്നതിനുള്ള പ്രതിജ്ഞ എടുത്തിട്ടുണ്ടോ? ബാബയോട് പ്രതിജ്ഞ ചെയ്ത് ബ്രാഹ്മണനായി പിന്നീട് വികാരത്തിൽ പോയിയെങ്കിൽ ചണ്ഡാളന്റെ ജന്മമായിരിക്കും ലഭിക്കുന്നത്. ഇവിടെ വേശ്യകളെ പോലെ മോശമായ ജന്മം മറ്റൊന്നില്ല. ഇതാണ് വേശ്യാലയം. പരസ്പരം വിഷം കുടിപ്പിക്കുന്നു. ബാബ പറയുന്നു- മായ എത്ര തന്നെ സങ്കല്പം കൊണ്ടു വന്നാലും ഒരിക്കലും വികാരത്തിൽ പോകരുത്. ചിലർ ബലാൽക്കാരത്തിലൂടെയും വികാരത്തിൽപ്പെടുത്തുന്നു. പെൺകുട്ടികൾക്ക് പൊതുവെ ശക്തി കുറവാണ്- പവിത്രതയോടൊപ്പം പെരുമാറ്റവും ശ്രേഷ്ഠമായിരിക്കണം. പെരുമാറ്റം മോശമാണെങ്കിൽ അവരെ കൊണ്ട് യാതൊരു പ്രയോജനവുമില്ല. ലൗകീക മാതാ പിതാവിൽ വികാരമുണ്ടെങ്കിൽ കുട്ടികളും മാതാ പിതാവിൽ നിന്ന് തന്നെയാണ് പഠിക്കുന്നത്. പാർലൗകീക അച്ഛൻ നിങ്ങൾക്ക് ഈ ശിക്ഷണം നല്കുന്നില്ല. ബാബ ദേഹീയഭിമാനിയാക്കുന്നു. ഒരിക്കലും ക്രോധിക്കരുത്. ആ സമയത്ത് നിങ്ങൾ ബ്രാഹ്മണരല്ല, ചണ്ഡാളനാണ് കാരണം ക്രോധത്തിന്റെ ഭൂതമുണ്ട്. ഭൂതം മനുഷ്യർക്ക് ദുഃഖം നല്കുന്നു. ബാബ പറയുന്നു- ബ്രാഹ്മണനായതിനു ശേഷം ഒരു മോശമായ കർമ്മവും ചെയ്യരുത്. വികാരത്തിൽ പോകുന്നതിലൂടെ യജ്ഞത്തെ നിങ്ങൾ അപവിത്രമാക്കുന്നു, ഇതിൽ വളരെ ശ്രദ്ധിക്കണം. ബ്രാഹ്മണനാകുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. യജ്ഞത്തിൽ മോശമായതൊന്നും ചെയ്യരുത്. 5 വികാരങ്ങളിൽ ഒരു വികാരവും ഉണ്ടാകരുത്. ക്രോധിച്ചുവെങ്കിൽ സാരമില്ല- അങ്ങനെയാകരുത്. ഈ ഭൂതം വന്നുവെങ്കിൽ നിങ്ങൾ ബ്രാഹ്മണരല്ല. ചിലർ പറയും ഈ ലക്ഷ്യം വളരെ ഉയർന്നതാണ്. പാലിക്കാൻ സാധിക്കുന്നില്ലായെങ്കിൽ പോയി അഴുക്കായിക്കോളൂ. ഈ ജ്ഞാനത്തിൽ സദാ പവിത്രവും ഹർഷിതവുമായിട്ടിരിക്കണം. പതിത പാവനനായ ബാബയുടെ കുട്ടിയായി ബാബയ്ക്ക് സഹയോഗം നല്കണം. ഒരു വികാരവും ഉണ്ടാകരുത്. ചിലർ വരുമ്പോൾ തന്നെ പെട്ടെന്ന് വികാരങ്ങളെ ഉപേക്ഷിക്കുന്നു. മനസ്സിലാക്കണം- നമ്മൾ രുദ്ര യജ്ഞത്തിലെ ബ്രാഹ്മണനാണ്. ഹൃദയത്തിൽ കുറ്റബോധമുണ്ടാകുന്ന രീതിയിലുള്ള ഒരു കർമ്മവും ഉണ്ടാകരുത്. ഹൃദയമാകുന്ന ദർപ്പണത്തിൽ നോക്കണം-ഞാൻ യോഗ്യനായോ? ഭാരതത്തെ പവിത്രമാക്കുന്നതിന് നമ്മൾ നിമിത്തമാണ് അതിനാൽ തീർച്ചയായും യോഗത്തിലുമിരിക്കണം. സന്യാസിമാർ കേവലം പവിത്രമായി ജീവിക്കുന്നു, ബാബയെ അറിയുന്നേയില്ല. ഹഠയോഗവും ചെയ്യുന്നു. ഒന്നും നേടുന്നില്ല. നിങ്ങൾക്കറിയാം ബാബ വന്നിരിക്കുകയാണ്- ശാന്തിധാമിലേക്ക് കൊണ്ടു പോകുന്നതിന്. നമ്മൾ ആത്മാക്കൾ അവിടത്തെ നിവാസികളാണ്. നമ്മൾ സുഖധാമിലായിരുന്നു, ഇപ്പോൾ ദുഃഖധാമിലാണ്. ഇതാണ് സംഗമം....ഇത് സ്മരിച്ചു കൊണ്ടിരിക്കണം, സദാ പുഞ്ചിരിച്ചു കൊണ്ടിരിക്കണം. ഏതു പോലെ ഈ അംഗന എന്ന കുട്ടി (ബാംഗ്ളൂരിലെ) സദാ പുഞ്ചിരിച്ചു കൊണ്ടിരിക്കുന്നു. ബാബ എന്ന് പറയുമ്പോൾ തന്നെ സന്തോഷം കൊണ്ട് സമ്പന്നമാകുന്നു. ഞാൻ ബാബയുടെ കുട്ടിയാണ് എന്ന സന്തോഷമുണ്ട്. ആരെ കണ്ടു മുട്ടിയാലും അവർക്ക് ജ്ഞാനം നല്കി കൊണ്ടിരിക്കൂ. ചിലർ കളിയാക്കിയെന്നു വരും കാരണം പുതിയ കാര്യമാണ്, ഭഗവാൻ വന്ന് പഠിപ്പിക്കുകയാണെന്ന് ആർക്കും അറിയില്ല. കൃഷ്ണൻ ഒരിക്കലും വന്ന് പഠിപ്പിക്കുന്നില്ല. ശരി

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) രുദ്ര ജ്ഞാനയജ്ഞത്തിലെ ബ്രാഹ്മണരായി കുറ്റബോധം വരുന്ന രീതിയിലുള്ള ഒരു കാര്യവും ചെയ്യരുത്. ഒരു ഭൂതത്തിനും വശപ്പെടരുത്.

2) പതിത പാവനനായ ബാബയുടെ പൂർണ്ണ സഹയോഗിയാകുന്നതിന് സദാ പവിത്രവും ഹർഷിതവുമായിട്ടിരിക്കണം. ജ്ഞാനത്തെ സ്മരിച്ച് പുഞ്ചിരിച്ചു കൊണ്ടിരിക്കണം.

## വരദാനം:- ചിത്തത്തിന്റെ പ്രസന്നതയിലൂടെ ആശീർവ്വാദങ്ങളുടെ വിമാനത്തിൽ പറക്കുന്ന സന്തുഷ്ടമണിയായി ഭവിക്കൂ

സന്തുഷ്ടമണിയെന്ന് അവരെയാണ് പറയുന്നത് ആരാണോ സ്വയത്തിൽ, സേവനത്തിൽ, സർവ്വരിലും സന്തുഷ്ടമായിട്ടുള്ളത്. തപസ്യയിലൂടെ സന്തുഷ്ടതയാകുന്ന ഫലം പ്രാപ്തമാക്കുക - ഇതാണ് തപസ്യയുടെ സിദ്ധി. സന്തുഷ്ടമണി അവരാണ് ആരുടെ ചിത്തമാണോ സദാ പ്രസന്നമായിട്ടുള്ളത്. പ്രസന്നത അർത്ഥം മനസ്സും-ബുദ്ധിയും സദാ വിശ്രമത്തിലാണ്, സുഖ ശാന്തിയുടെ സ്ഥിതിയിലാണ്.

ഇങ്ങനെയുള്ള സന്തുഷ്ടമണികൾ സ്വയം സർവ്വരുടെയും ആശീർവ്വാദങ്ങളുടെ വിമാനത്തിൽ പറക്കുന്നതായി അനുഭവം ചെയ്യും.

**സ്ലോഗൻ:- സത്യമായ ഹൃദയംകൊണ്ട് ദാതാ, വിധാതാ, വരദാതാവിനെ സന്തുഷ്ടമാക്കുന്നവർ തന്നെയാണ് ആത്മീയ ആനന്ദത്തിൽ കഴിയുന്നത്.**